# തിരുവിതാംകൂറിലെ പ്രധാനപ്പെട്ട ഭരണപരിഷ്കാരങ്ങളും അവ പ്രാബല്യത്തിൽ വരുത്തിയ ദിവാൻ/രാജാവ്

- വില്ലേജ് സ്കൂൾ പദ്ധതി ആരംഭിച്ച തിരുവിതാംകൂർ ദിവാൻ??
  - ടി. രാമറാവു
- തിരുവിതാംകൂറിൽ വിദ്യാഭ്യാസം സർക്കാർ ചെലവിൽ നൽകണം എന്ന് വിളംബരം ചെയ്ത് മഹാ റാണി?
  - മഹാറാണി ഗൗരി പാർവതി ഭായ്
- തിരുവിതാംകൂറിൽ ജില്ലാ കോടതികൾ അപ്പീൽ കോടതികൾ എന്നിവ സ്ഥാപിച്ചത്
  - ആയില്യം തിരുനാൾ ഗൗരി ലക്ഷ്മി ഭായി
- തിരുവിതാംകൂറിൽ വാക്സിനേഷനും അലോപ്പതി ചികിത്സാ രീതിയും നടപ്പിലാക്കിയ ഭരണാധികാരി
  - റാണി ഗൗരി ലക്ഷ്മി ഭായി
- 1875 ൽ തിരുവിതാംകൂറിലെ ആദ്യ ക്രമീകൃത സെൻസസ് നടന്നത് ആരുടെ കാലത്താണ്
  - ആയില്യം തിരുനാൾ
- ദേവസ്വം ക്ഷേത്രങ്ങളിൽ മൃഗബലി , ദേവദാസി സമ്പ്രദായം നിരോധിച്ചത്
  - സേതുലക്ഷ്മി ഭായി
- തിരുവിതാംകൂറിന്റെ തലസ്ഥാനം പത്മമനാഭപുരത്ത് നിന്ന് തിരുവനന്തപുരത്തേക്ക് മാറ്റിയതാര് ?
  - കാർത്തിക തിരുനാൾ
- കൃഷിക്കും ജലസെജനത്തിനും പ്രത്യേക വകുപ്പ് ആരംഭിച്ച തിരുവിതാംകുർ രാജാവ്
  - ശ്രീമൂലം തിരുനാൾ
- പ്രായപൂർത്തി വോട്ടവകാശം ഏർപെടുത്തിയ തിരുവിതാംകുർ രാജാവ്
  - ചിത്തിര തിരുനാൾ
- കർണാടക സംഗീതത്തിലെ സപ്തസ്വരങ്ങൾ കേൾപ്പിക്കുന്ന പ്രത്യേകതരം കൽത്തൂണുകളോട് കൂടിയ കുലശേഖര മണ്ഡപം പണികഴിപ്പിച്ചത്
  - കാർത്തികതിരുനാൾ രാമവർമ്മ
- മാർത്താണ്ഡവർമ്മയുടെ കാലത്ത് ആരംഭിച്ച വാണിജ്യ വകുപ്പ്?
  - മുളകു മടിശ്ശീല

- സി പി രാമസ്വാമി അയ്യർ ആരുടെ ദിവാനായിരുന്നു?
  - ചിത്തിര തിരുനാൾ
- സ്വാതി തിരുനാൾ തിരുവിതാംകൂറിൽ ഇംഗ്ലീഷ് സ്കൂൾ സ്ഥാപിച്ച വർഷം?
  - 1834
- ജന്മിമാർക്ക് പട്ടയം നൽകുന്ന രീതി ആരംഭിച്ച തിരുവിതാംകൂർ ഭരണാധികാരി ?
  - റാണി ഗൗരി ലക്ഷ്മി ഭായി
- വധശിക്ഷ നിർത്തലാക്കിയ തിരുവിതാംകൂർ രാജാവ് ?
  - ശ്രീചിത്തിര തിരുനാൾ
- തിരുവിതാംകൂറിൽ അടിമക്കച്ചവടം നിർത്തലാക്കിയ ഭരണാധികാരി?
  - ആയില്യം തിരുനാൾ റാണി ഗൗരി ലക്ഷ്മി ഭായ് (1812)
- റാണി ഗൗരി ലക്ഷ്മി ഭായിയുടെ റസിഡൻസ് ദിവാൻ:
  - കേണൽ മൺറോ
- പണ്ടാരപ്പാട്ട വിളംബരം പുറപ്പെടുവിച്ച തിരുവിതാംകൂർ രാജാവ് ?
  - ആയില്യം തിരുനാൾ (1865)
- തിരുവിതാംകൂറിൽ കാപ്പി കൃഷി ആരംഭിച്ചത് ആരുടെ ഭരണകാലത്തായിരുന്നു?
  - റാണി ഗൗരി പാർവ്വതി ഭായ്
- സൈന്യത്തിൽ നായർ പട്ടാളം എന്ന പേരിൽ സൈനിക വിഭാഗം രൂപീകരിച്ച തിരുവിതാംകൂർ ഭരണാധികാരി?
  - സ്വാതിതിരുനാൾ
- സ്റ്റേറ്റ്മാൻ, കൽക്കട്ട റിവ്യൂ തുടങ്ങിയ പത്രത്തിൽ ലേഖനം എഴുതിയ തിരുവിതാംകൂർ രാജാവ്?
  - ശ്രീവിശാഖം തിരുനാൾ
- കുപ്രസിദ്ധമായ ട്രാവൻകൂർ പ്രസ് റഗുലേഷൻ ആക്ട് പാസാക്കിയ സമയത്തെ തിരുവിതാംകൂർ ഭരണാധികാരി?
  - റാണി സേതുലക്ഷ്മി ഭായ്
- കേരളത്തിലെ ആദ്യ പോസ്റ്റ് ഓഫീസ് സ്ഥാപിതമായപ്പോൾ തിരുവിതാംകൂർ ഭരണാധികാരി?
  - ഉത്രം തിരുനാൾ

- ദക്ഷിണ ഭോജൻ എന്നറിയപ്പെട്ടിരുന്നത്?
  - സ്വാതി തിരുനാൾ

- സ്വാതി തിരുന്നാളിന്റെ യഥാർത്ഥ പേരു?
  - രാമ വർമ

- ഡ്രാസ് മെയിൽ സ്ഥാപിതമായത്?
  - 1859

- വസ്തുവകകളെ ദേവസ്വം, ബ്രഹ്മസ്വം, ദാനം പണ്ടാരം എന്നിങ്ങനെ വിഭജിച്ച റവന്യൂമന്ത്രി?
  - മലയൻ ശങ്കരൻ

- കേരളത്തിലെ ആദ്യത്തെ ലജിസ്ലേറ്റീവ് കൗൺസിൽ നിലവിൽ വന്നത് എവിടെ?
  - തിരുവിതാംകൂർ

- ഒന്നാം ലോക മഹായുദ്ധ കാലത്തെ തിരുവിതാംകൂർ ദിവാൻ?
  - മന്നത്ത് കൃഷ്ണൻ നായർ

- തിരുവിതാംകൂറിലെ ആദ്യത്തെ റസിഡന്റ്?
  - മെക്കാളെ

- കൃഷ്ണ ശർമ്മൻ ഏത് തിരുവിതാംകൂർ രാജാവിന്റെ ആസ്ഥാന കവിയായിരുന്നു?
  - മാർത്താണ്ഡവർമ്മ

- കേരളത്തിലെ അശോകൻ?
  - വിക്രമാദിത്യ വരഗുണൻ

- 1754 ലെ ആനന്ദേശ്വരം യുദ്ധം ആരൊക്കെ തമ്മിലായിരുന്നു?
  - തിരുവിതാംകൂർ - കൊച്ചി

- തിരുവിതാംകൂറിൽ ഹൈക്കോടതി സ്ഥാപിച്ച ഭരണാധികാരി?
  - വിശാഖം തിരുനാൾ

- മാർത്താണ്ഡവർമയുടെ സർവ്വസൈന്യാധിപൻ?
  - രാമയ്യൻ ദളവ

- 1859 തിരുവനന്തപുരത്ത് പെൺകുട്ടികൾക്ക് വേണ്ടി സ്കൂൾ ആരംഭിച്ച ഭരണാധികാരി?
  - ഉത്രം തിരുനാൾ

- തിരുവിതാംകൂറിലെ പോലീസ് വിഭാഗത്തെ പുനഃസംഘടിപ്പിച്ച രാജാവ്?
  - ശ്രീ വിശാഖം തിരുനാൾ
- പിന്നാക്ക സമുദായത്തിലെ കുട്ടികൾക്ക് സർക്കാർ വിദ്യാലയങ്ങളിൽ പ്രവേശനം അനുവദിച്ച തിരുവിതാംകൂർ രാജാവ്?
  - ശ്രീമൂലം തിരുനാൾ
- പള്ളിവാസൽ ജലവൈദ്യുത പദ്ധതി സ്ഥാപിച്ചത് ആരുടെ ഭരണകാലത്താണ്?
  - ചിത്തിരതിരുനാൾ ബാലരാമവർമ്മ
- ഡച്ചുകാരിൽ നിന്ന് കൊടുങ്ങല്ലൂർ കോട്ട പള്ളിപ്പുറം കോട്ട തുടങ്ങിയവ വിലയക്ക് വാങ്ങിയ തിരുവിതാംകൂർ രാജാവ്
  - ധർമ്മരാജ
- കാവൽ സേന എന്ന പേരിൽ പോലീസ് സേന രൂപീകരിച്ച തിരുവിതാംകൂർ ദിവാൻ
  - ഉമ്മിണിത്തമ്പി
- തിരുവിതാംകൂറിൽ മാനസികാരോഗ്യകേന്ദ്രം സ്ഥാപിച്ച തിരുവിതാംകൂർ ഭരണാധികാരി
  - ആയില്യം തിരുനാൾ
- വേമ്പനാട്ട് കായലിൽ പാതിരാമണൽ ദ്വീപിനെ കൃഷിയോഗ്യമാക്കിയ ദിവാൻ
  - വേലുത്തമ്പി ദവള
- തിരുവിതാംകൂറിന് അമേരിക്കൻ മോഡൽ ഭരണഘടന വിഭാവനം ചെയ്ത ദിവാൻ?
  - സർ സി പി രാമസ്വാമി അയ്യർ
- തിരുവിതാംകൂറിൽ ആദ്യമായി ഉദ്യോഗസ്ഥർക്ക് പെൻഷൻ പദ്ധതികൾ നടപ്പാക്കിയ ദിവാൻ?
  - കേണൽ മൺറോ
- ലൈഫ് ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കിയ തിരുവിതാംകൂർ രാജാവ്?
  - ശ്രീമൂലം തിരുനാൾ
- തിരുവിതാംകൂറിൽ വർത്തമാന പത്ര നിയമം പാസാക്കിയത്?
  - റാണി സേതുലക്ഷ്മി ഭായി
- ചട്ടവരിയോലകൾ എന്ന പേരിൽ നിയമസംഹിത തയ്യാറാക്കിയത്?
  - കേണൽ മൺറോ

- കൊല്ലത്ത് ഹജൂർ കച്ചേരി (സെക്രട്ടേറിയറ്റ്)സ്ഥാപിച്ചത്
  - വേലുത്തമ്പി ദളവ
- 1836 ൽ തിരുവിതാംകൂറിൽ ആദ്യ സെൻസസ് നടന്നത് ആരുടെ കാലത്താണ്
  - സ്വാതിതിരുനാൾ
- കേരളത്തിലെ ഏറ്റവും നീളം കൂടിയ റോഡായ എംസി റോഡിൻറെ പണി പൂർത്തിയാക്കിയത് ആരുടെ കാലത്താണ്.
  - ആയില്യം തിരുനാൾ
- ആയില്യം തിരുനാളിൻ്റെ പ്രശസ്തനായ ദിവാൻ
  - ടി മാധവറാവു
- മുല്ലപ്പെരിയാർ ഡാം ഉദ്ഘാടനം ചെയ്തത് ആരുടെ ഭരണകാലത്താണ്
  - ശ്രീമൂലം തിരുനാൾ
- ക്ഷേത്ര പ്രവേശന വിളംബരം പുറപ്പെടുവിച്ച തിരുവിതാംകൂർ രാജാവ്
  - ശ്രീചിത്തിര തിരുനാൾ
- 'കിഴവൻരാജ' എന്ന് അറിയപ്പെടുന്ന തിരുവിതാംകൂർ രാജാവ്
  - ധർമ്മരാജ
- ' ത്രിപ്പടി ദാനം'  നടത്തിയ തിരുവിതാംകൂർ രാജാവ്
  - മാർത്താണ്ഡവർമ്മ
- ആധുനിക ലിപി വിളംബരം നടപ്പിലാക്കിയ തിരുവിതാംകൂർ ഭരണാധികാരി?
  - സ്വാതിതിരുനാൾ
- അടിമകളുടെ മക്കൾക്ക് സ്വാതന്ത്ര്യം അനുവദിച്ചു കൊണ്ട് ഊഴിയം (കൂലിയില്ലാതെ ജോലിചെയ്യുന്നത്) നിർത്തലാക്കിയ ഭരണാധികാരി
  - ഉത്രം തിരുനാൾ മാർത്താണ്ഡവർമ്മ
- തിരുവിതാംകൂർ നിയമ നിർമ്മാണ സഭ ആരംഭിക്കാൻ മുൻകൈയെടുത്ത ദിവാൻ
  - ടി  രാമറാവു
- മുല്ലപ്പെരിയാർ ഡാമുമായി ബന്ധപ്പെട്ട് പെരിയാർ ലീസ് എഗ്രിമെൻറ് ഒപ്പുവച്ച തിരുവിതാംകൂർ ദിവാൻ
  - രാമയ്യങ്കാർ

- വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ഡയറക്ടർ ഓഫ് പബ്ലിക് ഇൻസ്ട്രക്ഷൻ ( ഡി പി ഐ) തിരുവിതാംകൂറിൽ സ്ഥാപിച്ചത്
  - ശ്രീമൂലം തിരുനാൾ
- തിരുവിതാംകൂറിൽ ജന്മിത്വ ഭരണം അവസാനിപ്പിച്ച ഭരണാധികാരി
  - മാർത്താണ്ഡവർമ്മ
- കുളം തോണ്ടുക എന്ന ശൈലി മലയാളത്തിൽ പ്രചാരം നേടിയത് ആരുടെ കാലഘട്ടത്തിലാണ്
  - മാർത്താണ്ഡവർമ്മ
- മാർത്താണ്ഡവർമ്മയുടെ ഭരണ പരിഷ്കാരങ്ങൾ ഇൽ വില്ലേജ് ഓഫീസുകൾ അറിയപ്പെടുന്ന പേരെന്ത്
  - പകുതികൾ
- തിരുവിതാംകൂറിന് തെക്ക് മുഖം വടക്കേ മുഖം പടിഞ്ഞാറ് മുഖം എന്നിങ്ങനെ മൂന്ന് റവന്യൂ മേഖലകളായി തിരിച്ച് തിരുവിതാംകൂർ ദളവ ആര്
  - അയ്യപ്പൻ മാർത്താണ്ഡൻ പിള്ള
- തിരുവിതാംകൂർ പുരുഷ ഭരണാധികാരി മാരിൽ ഏറ്റവും കുറവ് കാലം ഭരിച്ചത് ആര്
  - വിശാഖം തിരുനാൾ
- ബ്രിട്ടീഷ് മേൽക്കോയ്മ അംഗീകരിച്ച സമയതെ തിരുവിതാംകൂർ രാജാവ് ആരായിരുന്നു
  - അവിട്ടം തിരുനാൾ
- തിരുവിതാംകൂറിൽ ആദ്യമായി ഭൂ സർവ്വേ നടത്തിയത്
  - അനിഴം തിരുനാൾ മാർത്താണ്ഡവർമ്മ
- നായർ ഈഴവ വിപ്ലവം നടന്ന വർഷം
  - 1905
- സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയെ നാടുകടത്തിയ സമയത്തെ അതെ തിരുവിതാംകൂർ രാജാവ്
  - ശ്രീമൂലം തിരുനാൾ
- തിരുവിതാംകൂറിൽ ഭൂപണയ ബാങ്ക് സ്ഥാപിച്ച വർഷം
  - 1932
- തിരുവിതാംകൂറിൽ പബ്ലിക് സർവീസ് കമ്മീഷൻ (PSC) സ്ഥാപിച്ച വർഷം
  - 1936

- വർക്കല നഗരത്തിന്റെ ശില്പി
  - അയ്യപ്പൻ മാർത്താണ്ഡൻ പിള്ള

- എല്ലാവർക്കും വീടുകൾ ഓടു മെയുന്നതിനുള്ള അവകാശം അനുവദിച്ചുകൊണ്ടുള്ള രാജകീയ വിളംബരം പുറപ്പെടുവിച്ച ഭരണാധികാരി
  - റാണി ഗൗരി പാർവതി ഭായ്

- ദുർഗുണ പരിഹാര പാഠശാല സ്ഥാപിച്ച തിരുവിതാംകൂർ ഭരണാധികാരി
  - ശ്രീമൂലം തിരുനാൾ

- മുല്ലപ്പെരിയാർ പാട്ടക്കരാറിനെ " എൻറെ ഹൃദയം കൊണ്ടാണ് എഴുതുന്നത് " എന്ന് വിശേഷിപ്പിച്ച തിരുവിതാംകൂർ രാജാവ്
  - വിശാഖം തിരുനാൾ

- 1904 ൽ തിരുവിതാംകൂറിലെ ആദ്യ റെയിൽവേ ലൈൻ സ്ഥാപിക്കപ്പെട്ടപ്പോൾ ഭരണാധികാരി ആരായിരുന്നു
  - ശ്രീമൂലം തിരുനാൾ

- വസൂരി തടയാനുള്ള കുത്തിവയ്പ്പ് കേരളത്തിൽ ആദ്യം ആരംഭിച്ചത്
  - മലബാർ

- രണ്ടാം തൃപ്പടിദാനം നടത്തിയ ഭരണാധികാരി ?
  - കാർത്തിക തിരുനാൾ (1766)

- മാർത്താണ്ഡവർമ്മയും കൊച്ചി സൈന്യവുമായി ഏറ്റുമുട്ടിയ ആനന്ദേശ്വരം യുദ്ധം അമ്പലപ്പുഴ യുദ്ധം എന്നിവ നടന്ന വർഷം വർഷം
  - 1754

- തിരുവിതാംകൂറിലെ ആദ്യത്തെ പരുത്തി മിൽ കൊല്ലത്ത് ആരംഭിച്ചത്
  - 1881

- പുനലൂർ തൂക്കുപാലത്തിൻ്റെ ശിൽപി
  - ആൽബർട്ട് ഹെൻട്രി

- ഹിരണ്യഗർഭം നടപ്പിലാക്കിയ തിരുവിതാംകൂർ ഭരണാധികാരി?
  - അനിഴം തിരുനാൾ മാർത്താണ്ഡവർമ

- ബ്രിട്ടീഷ് ഈസ്റ്റിന്ത്യാ കമ്പനി ഒരു നാട്ടു രാജ്യവുമായി ഒപ്പുവെക്കുന്ന ആദ്യത്തെ ഉടമ്പടി?
  - വേണാട് ഉടമ്പടി

- ടിപ്പുവിന്റെ ആക്രമണം തടയാൻ സ്ഥാപിച്ച കോട്ട?
  - നെടുംകോട്ട
- മാർത്താണ്ഡവർമയുമായുള്ള യുദ്ധത്തിൽ കായംകുളം രാജാവിന്റെ സേനയ്ക്ക് നേതൃത്വം നൽകിയത്
  - എരുവയിൽ അച്യുതവാരിയർ
- എറണാകുളം മഹാരാജാസ് കോളേജ് പണികഴിപ്പിച്ചത് ⁉️
  - ശങ്കരവാര്യർ
- ലണ്ടൻ മിഷൻ സൊസൈറ്റി തിരുവിതാംകൂറിൽ പ്രവർത്തനം ആരംഭിച്ചത്
  - നഗർകോവിൽ
- ചിത്തിര തിരുന്നാളിന്റെ കാലത്തു നിയോഗിക്കപ്പെട്ട ക്ഷേത്രപ്രവേശന പഠന കമ്മിറ്റിയുടെ അധ്യക്ഷൻ
  - കെ എസ് സുബ്രഹ്മണ്യ അയ്യർ
- തിരുവിതാംകൂറിൽ ഗ്രാമപഞ്ചായത്തുകൾ രൂപീകരിച്ച ഭരണാധികാരി
  - സേതുലക്ഷ്മി ഭായ്
- തിരുവിതാംകൂറിന് മാതൃക രാജ്യം എന്ന പദവി ലഭിച്ച സമയത്തെ രാജാവ് ?
  - ആയില്യം തിരുനാൾ രാമവർമ്മ
- തിരുവിതാംകൂറിൽ വാനനിരീക്ഷണകേന്ദ്രം ആരംഭിച്ച രാജാവ് ?
  - സ്വാതിതിരുനാൾ
- തിരുവിതാംകൂർ വർത്തമാന പത്ര നിയമം പാസാക്കിയ ഭരണാധികാരി
  - റാണി സേതുലക്ഷ്മിഭായി
- തിരുവിതാംകൂറിലെ ആദ്യ പത്രം??
  - ജ്ഞാനനിക്ഷേപം
- സന്ദിഷ്ടവാദി എന്ന പത്രം കണ്ടു കെട്ടിയത്
  - ആയില്യം തിരുനാൾ
- കഥകളിയുടെ സുവർണ്ണ കാലഘട്ടം എന്നറിയപ്പെടുന്നത്
  - ഉത്രം തിരുനാൾ
- മലബാർ കുടിയായ്മ നിയമത്തിന്റെ ശില്പി എന്നറിയപ്പെടുന്നത്
  - സി കൃഷ്ണൻ

- 'മാർത്താണ്ഡൻ ' എന്ന വാക്കിൻ്റെ അർത്ഥം
  - സൂര്യൻ

- തിരുവിതാംകൂറിലെ പുരോഗമനാത്മകമായ ഭരണത്തിന്റെ അംഗീകാരമായി ബ്രിട്ടീഷ് രാജ്ഞിയിൽ നിന്ന് മഹാരാജാവ് എന്ന ബിരുദം ലഭിച്ചത്
  - ആയില്യംതിരുനാൾ

- ചാന്നാർ സ്ത്രീകൾക്ക് മാറുമറയ്ക്കാനുള്ള അവകാശം അനുവദിച്ച തിരുവിതാംകൂർ രാജാവ്
  - ഉത്രം തിരുനാൾ മാർത്താണ്ഡവർമ്മ

- ജന്മി കുടിയാൻ വിളംബരം നടത്തിയ ഭരണാധികാരി
  - ആയില്യം തിരുനാൾ

- ശ്രീമൂലം ലേജിസലേറ്റീവ് കൗൺസിൽ നിലവിൽ വന്നത്
  - 1888 march 30

- നേപ്പിയർ മ്യൂസിയത്തിന് നിർമ്മാണം ആരംഭിച്ച ഭരണാധികാരി
  - ഉത്രം തിരുനാൾ

- നേപ്പിയർ മ്യൂസിയത്തിൽ നിർമ്മാണം പൂർത്തിയാക്കിയ ഭരണാധികാരി
  - ആയില്യം തിരുനാൾ

- കേരള കാളിദാസൻ എന്നറിയപ്പെടുന്ന കേരള വർമ്മ വലിയ കോയിത്തമ്പുരാൻ തടവിലാക്കിയ തിരുവിതാംകൂർ രാജാവ്
  - ആയില്യം തിരുനാൾ

- നായർ ഈഴവ വിപ്ലവം നടന്നത്
  - 1905

- 1938 വിധവ പുനർവിവാഹ നിയമം നാപ്പിലാക്കിയത്
  - ചിത്തിര തിരുനാൾ

- കള്ളക്കടത്ത് തടയാൻ വേണ്ടി അതിർത്തിയിൽ ചൗക്ക്കുകൾ ഏർപെടുത്തിയ ഭരണാധികാരി
  - അനിഴം തിരുനാൾ മാർത്താണ്ഡ വർമ

- വർക്കലത്തുരപ്പ് നിർമ്മിച്ച ദിവാൻ
  - ശേശയ്യ ശാസ്ത്രി

- വേലുത്തമ്പിദളവ തൻറെ ഉടവാൾ സമർപ്പിച്ചത്
    - കിളിമാനൂർ കോവിലകം തമ്പുരാന്.
- സെക്രട്ടറിയേറ്റിൽ അധികാരമേറ്റ ആദ്യ ദിവാൻ
    - ടി മാധവറാവു
- തിരുവനന്തപുരത്ത് കോട്ടക്കകത്ത് ആദ്യ ജയിൽ സ്ഥാപിച്ചത്
    - ഉമ്മിണി തമ്പി
- പോലീസ് സംവിധാനത്തിന്റെ പഴയ രൂപമായ 'കാവൽ ' ആവിഷ്കരിച്ചത് താഴെപ്പറയുന്നവയിൽ ആരാണ്
    - ഉമ്മിണി തമ്പി
- സർക്കാർ ജോലികളിൽ തിരുവിതാംകൂർക്കാർക്ക് മതിയായ പ്രാതിനിധ്യം ആവിശ്യപെട്ടുകൊണ്ട് നടന്ന സംഭവം ഏത്?
    - മലയാളി മെമ്മോറിയൽ
- ചട്ടവരിയോലകൾ എന്നുപേരായ ഒരു നിയമസംഹിത ആവിഷ്കരിച്ച തിരുവിതാംകൂർ ദിവാൻ?
    - കേണൽ മണ്റോ
- തിരുവിതാംകൂറിലെ രാജധാനി പത്മനാഭപുരത്ത് നിന്ന് തിരുവനന്തപുരത്തേക്ക് മാറ്റിയത് ആരുടെ കാലഘട്ടത്തിലാണ്?
    - കാർത്തികതിരുനാൾ രാമവർമ്മ
- തിരുവിതാംകൂർ നിയമ നിർമ്മാണ സഭ ആരംഭിക്കാൻ മുൻകൈയെടുത്ത ദിവാൻ
    - ടി രാമറാവു
- സഞ്ചരിക്കുന്ന കോടതികൾ ആരംഭിച്ച തിരുവിതാംകൂർ രാജാവ്
    - അവിട്ടം തിരുനാൾ ബാലരാമ വർമ്മ
- ജില്ലാ കോടതി, അപ്പീൽ കോടതി എന്നിവ സ്ഥാപിച്ച തിരുവിതാം കൂർ ഭരണാധികാരി
    - ആയില്യം തിരുനാൾ ഗൗരി ലക്ഷ്മി ഭായ്
- ശുചീന്ദ്രം കൈമുക്ക് ആരംഭിച്ച തിരുവിതാകൂർ രാജാവ്?
    - അനിയം തിരുനാൾ മാർത്താണ്ഡ വർമ്മ
- ശുചീന്ദ്രം ഉടമ്പടി ഒപ്പുവെച്ച തിരുവിതാംകൂർ ദിവാൻ
    - അയ്യപ്പൻ മാർത്താണ്ഡൻ പിള്ള

- ശുചീന്ദ്രം കൈമുക്ക് നിർത്തലാക്കിയ തിരുവിതാംകൂർ ഭരണാധികാരി?
    - സ്വാതി തിരുനാൾ
- സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ധനസഹായം ഏർപ്പെടുത്തിയ തിരുവിതാംകൂർ ദിവാൻ
    - ശേഷയ്യ ശാസ്ത്രി
- ഉദയഗിരി കോട്ട നിർമിച്ച ഭരണാധികാരി?
    - വീര രവിവർമ്മ
- മാർത്താണ്ഡവർമ്മ ഇളയിടത്ത്( കൊട്ടാരക്കര) സ്വരൂപത്തെ തിരുവിതാംകൂറിനോട് ലയിപ്പിച്ച വർഷം?
    - 1741
- തിരുവിതാംകൂറിൽ ഹൈക്കോടതി സ്ഥാപിച്ച ഭരണാധികാരി?
    - വിശാഖം തിരുനാൾ
- ഇളയിടത്ത് സ്വരൂപം തിരുവതാംകൂറിനോട് കൂട്ടിച്ചേർത്ത ഉടമ്പടി
    - മാന്നാർ ഉടമ്പടി
- കുരുമുളക്, ഉപ്പ്, പുകയില, അടയ്ക്ക എന്നിവയുടെ വിൽപന ഗവൺമെന്റ് കുത്തകയാക്കിയ ഭരണാധികാരി
    - മാർത്താണ്ഡവർമ്മ
- ആലപ്പുഴയിലും കോട്ടയത്തും പെൺ പള്ളികൂടങ്ങൾ സ്ഥാപിച്ചത്
    - റാണി ഗൗരി പാർവ്വതിഭായ്
- കേരളത്തിലെ ആദ്യത്തെ വൈദ്യുതീകരിച്ച പട്ടണം എന്ന ബഹുമതി തിരുവനന്തപുരം സ്വന്തമാക്കിയത് ഏത് ഭരണാധികാരിയുടെ കാലത്താണ്
    - സേതുലക്ഷ്മീ ഭായി
- കർണാറ്റിക് യുദ്ധത്തിന് അന്ത്യം കുറിച്ച ഉടമ്പടി
    - പാരിസ് ഉടമ്പടി
- **മാർത്താണ്ഡവർമ്മ**
    - ജന്മിത്ത ഭരണം അവസാനിപ്പിച്ചു
    - കന്യാകുമാരിക്ക് സമീപം വട്ടക്കോട്ട നിർമ്മിച്ചു
    - ആദ്യമായി ഭൂസർവേ നടത്തി
    - പൊൻമനണ, പുത്തനണ എന്ന അണക്കെട്ടുകൾ നിർമ്മിച്ചു

- രാജ്യ വിസ്തൃതി ഏറ്റവും കൂടുതൽ വർദ്ധിപ്പിച്ചു
- പതിവു കണക്കു സമ്പ്രദായം കൊണ്ടുവന്നു
- ആദ്യമായി മറവപ്പട എന്ന പേരിൽ സൈന്യത്തെ ഏർപ്പെടുത്തി.
- കള്ളക്കടത്ത് തടയാൻ അതിർത്തിയിൽ ചൗക്കകൾ ഏർപ്പെടുത്തി.
- ഭരണസൗകര്യത്തിനായി തിരുവിതാംകൂറിനെ 15 മണ്ഡപത്തും വാതുക്കൽ ആയി വിഭജിച്ചു.
- പത്മനാഭസ്വാമി ക്ഷേത്രം പുതുക്കി പണിതു
- പത്മനാഭസ്വാമി ക്ഷേത്രത്തിൽ ഒറ്റക്കൽ മണ്ഡപം പണികഴിപ്പിച്ചു.
- പത്മനാഭസ്വാമിക്ഷേത്രത്തിൽ മ്യൂറൽ പെയിന്റിംഗ് വരപ്പിച്ചു

❖ **പള്ളിയാടി മല്ലൻ ശങ്കരൻ**

- തിരുവിതാംകൂറിലെ വസ്തുക്കളെ ദേവസ്വം, ബ്രഹ്മസ്വം,ദാനം,പണ്ടാരവക എന്നിങ്ങനെ നാലായി തിരിച്ചു.

❖ **കാർത്തികതിരുനാൾ രാമവർമ്മ**

- നെടുങ്കോട്ട പണികഴിപ്പിച്ചു.
- കർണാടക സംഗീതത്തിലെ സപ്തസ്വരങ്ങൾ കേൾപ്പിക്കുന്ന പ്രത്യേകതരം കൽത്തൂണുകളോട് കൂടിയ കുലശേഖര മണ്ഡപം പത്മനാഭസ്വാമിക്ഷേത്രത്തിൽ പണികഴിപ്പിച്ചു.

❖ **അയ്യപ്പൻ മാർത്താണ്ഡ പിള്ള**

- തെക്കു മുഖം പടിഞ്ഞാറേ മുഖം വടക്കേ മുഖം എന്നിങ്ങനെ തിരുവിതാംകൂർ നാട്ടുരാജ്യത്തിലെ വിഭജിച്ചു.

❖ **രാജാ കേശവദാസ്**

- ആലപ്പുഴ തുറമുഖവും ചാലക്കമ്പോളം പണികഴിപ്പിച്ചു.

❖ **വേലുത്തമ്പി ദളവ**

- കണ്ടറ വിളംബരം പുറപ്പെടുവിച്ചു- 1809 ജനുവരി 11
- വേമ്പനാട്ടുകായലിലെ പാതിരാമണൽ ദ്വീപിനെ കൃഷി യോഗ്യമാക്കി.
- കൊല്ലത്തു ഹജൂർ കച്ചേരി സ്ഥാപിച്ചു.
- തിരുവിതാംകൂറിൽ സഞ്ചരിക്കുന്ന കോടതികൾ സ്ഥാപിച്ചു

❖ **ഉമ്മിണിത്തമ്പി**

- വിഴിഞ്ഞം തുറമുഖം, ബാലരാമപുരം പട്ടണം പണികഴിപ്പിച്ചു
- തിരുവിതാംകൂറിൽ പോലീസ് സേനയ്ക്ക് തുടക്കംകുറിച്ചു.

- നീതിന്യായ നിർവഹണത്തിന് വേണ്ടി സ്ഥാപിച്ച കോടതി- ഇൻസുവാഫ് കച്ചേരി

❖ **ഗൗരി ലക്ഷ്മി ഭായ്**
- തിരുവിതാംകൂറിൽ അടിമക്കച്ചവടം നിർത്തലാക്കി.
- ജില്ലാ കോടതികൾ,അപ്പീൽ കോടതികൾ സ്ഥാപിച്ചു
- സെക്രട്ടറിയേറ്റ് സമ്പ്രദായത്തിലുള്ള ഭരണരീതി,പട്ടയ സമ്പ്രദായം എന്നിവ ഏർപ്പെടുത്തി.
- ജന്മിമാർക്ക് പട്ടയം നല്കുന്ന രീതി ആരംഭിച്ചു
- ദേവസ്വങ്ങളുടെ ഭരണം സർക്കാർ ഏറ്റെടുത്തു
- വാക്സിനേഷനും അലോപ്പതി ചികിത്സാ രീതിയും നടപ്പിലാക്കി.

❖ **കേണൽ മൺറോ**
- ചട്ടവരിയോലകൾ എന്ന പേരിൽ നിയമസംഹിത തയ്യാറാക്കി.
- ക്രിസ്തുമതം സ്വീകരിച്ച സ്ത്രീകൾക്ക് ബ്ലൗസ് ധരിക്കാൻ അനുവാദം നൽകി.

❖ **ഗൗരി പാർവതി ഭായ്**
- വിദ്യാഭ്യാസം ഗവൺമെന്റിന്റെ കടമയാണെന്ന് പ്രഖ്യാപിച്ചു.
- പരാഥമിക വിദ്യാഭ്യാസം സൗജന്യവും നിർബന്ധവുമായ ആക്കി.
- പാർവതി പുത്തനാർ പണികഴിപ്പിച്ചു.
- സർക്കാർ നിർമ്മാണപ്രവർത്തനങ്ങളിൽ വേതനം നൽകാതെ തൊഴിലാളികൾ ഏർപ്പെടുത്തിയിരുന്ന പതിവ് അവസാനിപ്പിച്ചു.
- തിരുവിതാംകൂറിൽ താണ ജാതിയിൽ പെട്ടവർക്ക് സ്വർണം, വെള്ളി മുതലായവയിലുള്ള ആഭരണങ്ങൾ അണിയാൻ മതി നൽകി.
- സവർണത്തിലും വെള്ളിയിലും ഉള്ള ആഭരണങ്ങൾ ധരിക്കുന്നതിനുള്ള അടിയറ പണം എന്ന സമ്പ്രദായം അവസാനിപ്പിച്ചു
- കയറ്റുമതി ഇറക്കുമതി ചുങ്കം ങ്ങൾ നിർത്തലാക്കി.
- എല്ലാവർക്കും പുര ഓടു ചെയ്യാനുള്ള അനുമതി നൽകി.
- ആലപ്പുഴയിലും കോട്ടയത്തും പെൺ പള്ളിക്കൂടങ്ങൾ സ്ഥാപിച്ചു

❖ **സ്വാതിതിരുനാൾ**
- ഹജൂർ കച്ചേരി കൊല്ലത്തുനിന്നും തിരുവനന്തപുരത്തേക്ക് മാറ്റി
- തിരുവിതാംകൂറിലെ ആദ്യ നിയമ സംഹിത പ്രസിദ്ധീകരിച്ചു.
- ശചീന്ദ്രം കൈമുക്ക് നിർത്തലാക്കി.

- ആധുനിക ലിപി വിളംബരം നടപ്പിലാക്കി.
- കാർഷിക ആവശ്യങ്ങൾക്കായി ജലസേചന വകുപ്പ് ആരംഭിച്ചു.
- വാനനിരീക്ഷണകേന്ദ്രം സ്ഥാപിച്ചു
- പെറ്റി സിവിൽ കേസുകളും, പോലീസ് കേസുകളും കേൾക്കാൻ മുൻസിഫ് കോടതികൾ സ്ഥാപിച്ചു.
- തിരുവനന്തപുരം പബ്ലിക് ലൈബ്രറി സ്ഥാപിച്ചു
- തിരുവിതാംകൂറിൽ ആദ്യ ഇംഗ്ലീഷ് മലയാളം കലണ്ടർ പുറത്തിറക്കി
- ഗവൺമെന്റ് പ്രസ് സ്ഥാപിച്ചു
- തൈക്കാട് ആശുപത്രി, കുതിരമാളിക എന്നിവ പണികഴിപ്പിച്ചു
- തിരുവിതാംകൂറിൽ എൻജിനീയറിങ് വകുപ്പ്, പൊതുമരാമത്ത് വകുപ്പ് എന്നിവ ആരംഭിച്ചു
- ഇംഗ്ലീഷ് വിദ്യാഭ്യാസവും,ഇംഗ്ലീഷ് സ്കൂളും ആരംഭിച്ചു
- മോഹിനിയാട്ടത്തിൽ വർണം പദം തില്ലാന എന്നിവ കൊണ്ടുവന്നു
- നവരാത്രി ഉത്സവത്തോടനുബന്ധിച്ച് തിരുവനന്തപുരത്ത് നവരാത്രി സംഗീതോത്സവം ആരംഭിച്ചു

❖ **ഉത്രം തിരുനാൾ മാർത്താണ്ഡവർമ്മ**

- പോസ്റ്റ് ഓഫീസ് സംവിധാനം നിലവിൽ വന്നു
- ഭരണസൗകര്യത്തിനായി തിരുവിതാംകൂറിനെ പത്മനാഭപുരം, തിരുവനന്തപുരം,കൊല്ലം,ചേർത്തല എന്നീ നാലു വിഭാഗങ്ങളായി തിരിച്ച് ഓരോന്നിനും ഓരോ ദിവാൻ പേഷ്കാർമാരെ നിയമിച്ചു.
- 1859ഇൽ പെൺകുട്ടികൾക്ക് വേണ്ടി സ്കൂൾ ആരംഭിച്ചു
- അടിമകളുടെ മക്കൾക്ക് സ്വാതന്ത്ര്യം അനുവദിച്ചു കൊണ്ട് ഊഴിയം നിർത്തലാക്കി.
- തിരുവനന്തപുരം മ്യൂസിയം സ്ഥാപിച്ചു
- നേപ്പിയർ മ്യൂസിയം പൊതുജനങ്ങൾക്കായി തുറന്നു കൊടുത്തു .
- ചാന്നാർ സ്ത്രീകൾക്ക് മാറ് മറയ്ക്കാനുള്ള അനുവാദം നൽകിക്കൊണ്ട് വിളംബരം പുറപ്പെടുവിച്ചു .

❖ **ആയില്യം തിരുനാൾ .**

- പണ്ടാരപ്പാട്ട വിളംബരം പുറപ്പെടുവിച്ചു (1865).
- 1867 ജന്മി-കുടിയാൻ വിളംബരം നടത്തി

- സർക്കാർ അഞ്ചൽ പൊതുജനങ്ങൾക്കായി തുറന്നു കൊടുത്തു
- തിരുവനന്തപുരത്ത് ആർട്ട്സ് കോളേജ് സ്ഥാപിച്ചു -1866
- 1874 തിരുവനന്തപുരത്ത് നിയമ വിദ്യാഭ്യാസം ആരംഭിച്ചു.
- കേരളത്തിലെ ആദ്യ ജനറൽ ആശുപത്രി, മാനസികാരോഗ്യ ആശുപത്രി,സെൻട്രൽ ജയിൽ എന്നിവ തിരുവന്തപുരത്ത് ആരംഭിച്ചു
- സെക്രട്ടറിയേറ്റ് മന്ദിരം പണികഴിപ്പിച്ചു
- പനലൂർ തൂക്കുപാലം പണികഴിപ്പിച്ചു
- കേരളവർമ്മ വലിയകോയിത്തമ്പുരാൻ അധ്യക്ഷൻ ആക്കി പാഠപുസ്തക കമ്മിറ്റി രൂപീകരിച്ചു.

❖ **വിശാഖം തിരുനാൾ**

- 1884 ആദ്യത്തെ പരുത്തി മിൽ കൊല്ലത്ത് ആരംഭിച്ചു
- മരച്ചീനികൃഷി പ്രോത്സാഹിപ്പിച്ചു
- പോലീസ് സംവിധാനം ഉടച്ചുവാർത്തു
- മല്ലപ്പെരിയാർ ഡാമിന് അന്തിമാനുമതി നൽകി .

❖ **ശ്രീമൂലം തിരുനാൾ**

- പിന്നാക്ക സമുദായത്തിലെ കുട്ടികൾക്ക് പ്രാഥമിക വിദ്യാഭ്യാസം സൗജന്യമാക്കി
- 1896 തിരുവിതാംകൂറിൽ ജന്മി-കുടിയാൻ റെഗുലേഷൻ പാസാക്കി.
- വിക്ടോറിയ ജൂബിലി ടൗൺ ഹാൾ തിരുവനന്തപുരത്ത് പണികഴിപ്പിച്ചു
- തിരുവനന്തപുരത്ത് സംസ്കൃത കോളേജ്, ആയുർവേദ കോളേജ്, പുരാവസ്തുവകുപ്പ് എന്നിവ ആരംഭിച്ചു
- തിരുവനന്തപുരത്ത് ദുർഗുണ പരിഹാര പാഠശാല, വനിതാ കോളേജ് എന്നിവ ആരംഭിച്ചു
- ഫിംഗർ പ്രിന്റ് ബ്യൂറോ, ഹസ്തലിഖിത ലൈബ്രറി എന്നിവ ആരംഭിച്ചു
- നാഞ്ചിനാട്ടിൽ കോതയാർ അണക്കെട്ട് നിർമിച്ചു
- വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ഡയറക്ടർ ഓഫ് പബ്ലിക് ഇൻസ്ട്രക്ഷൻ തിരുവിതാംകൂറിൽ സ്ഥാപിച്ചു

❖ **സേതുലക്ഷ്മി ഭായ്**

- ദേവദാസി സമ്പ്രദായം നിർത്തലാക്കി
- ദേവസ്വം ക്ഷേത്രങ്ങളിൽ മൃഗബലി നിരോധിച്ചു

- ബഹുഭാര്യത്വം നിയമവിരുദ്ധമായി പ്രഖ്യാപിച്ചു
- തിരുവിതാംകൂർ വർത്തമാന പത്ര നിയമം പാസാക്കി.
- ഗരാമ പഞ്ചായത്തുകൾ രൂപീകരിക്കുകയും സൗജന്യ ഉച്ചഭക്ഷണ പദ്ധതി നടപ്പിലാക്കുകയും ചെയ്തു
- തിരുവിതാംകൂറിൽ മരുമക്കത്തായം അവസാനിപ്പിച്ചു .

❖ **ചിത്തിര തിരുനാൾ ബാലരാമവർമ്മ**

- കഷേത്രപ്രവേശന വിളംബരം പുറപ്പെടുവിച്ചു .
- വധശിക്ഷ നിർത്തലാക്കി .
- തിരുവിതാംകൂറിൽ ഭൂപണയ ബാങ്ക് സ്ഥാപിച്ചു
- 1937 തിരുവിതാംകൂർ സർവ്വകലാശാല സ്ഥാപിച്ചു
- തിരുവിതാംകൂർ പബ്ലിക് സർവീസ് കമ്മീഷൻ സ്ഥാപിച്ചു -1936
- ടരാവൻകൂർ സ്റ്റേറ്റ് ട്രാൻസ്പോർട്ട് സർവീസ് ആരംഭിച്ചു -1938
- തിരുവിതാംകൂറിൽ പ്രായപൂർത്തി വോട്ടവകാശം നടപ്പിലാക്കി -1940
- കേരളത്തിലെ ആദ്യത്തെ ജലവൈദ്യുത പദ്ധതിയായ പള്ളിവാസൽ പ്രവർത്തനമാരംഭിച്ചു -1940 .
- 1943 തിരുവനന്തപുരത്ത് റേഡിയോ നിലയം സ്ഥാപിച്ചു
- ടരാവൻകൂർ ബാങ്ക് ലിമിറ്റഡ് സ്ഥാപിച്ചു
- പതിയ ഉത്തരവാദഭരണ സർക്കാർ രൂപീകരിക്കാൻ വിളംബരം നടത്തി

❖ **സ്വരൂപങ്ങൾ**

- തൃപ്പാപ്പൂർ സ്വരൂപം - തിരുവിതാംകൂർ
- ഇളയിടത്ത് സ്വരൂപം - കൊട്ടാരക്കര
- തരൂർ സ്വരൂപം - പാലക്കാട്
- ചിറവാ സ്വരൂപം - വേണാട്
- നെടിയിരുപ്പ് സ്വരൂപം - കോഴിക്കോട്
- ഇളങ്ങല്ലൂർ സ്വരൂപം - ഇടപ്പള്ളി
- താന്തർ സ്വരൂപം - വെട്ടത്തുനാട്
- അരങ്ങോട്ടു സ്വരൂപം - സ്വരൂപം വള്ളുവനാട്

❖ കുലശേഖരപെരുമാൾ :- വേണാട് രാജാക്കന്മാർ

❖ കോയിലധികാരികൾ :- കൊച്ചി രാജാക്കന്മാർ

****************************************************************************